Kerala Kaumudi 20.01.2018

# കൃഷിയും അനലിറ്റിക്സ് കോഴ്സും

വിവരസാങ്കേതിക വിദ്യയും കൃഷിയും സമന്വയിപ്പിച്ചുള്ള അഗ്രികൾച്ചർ ടെക്നോളജി കരുത്താർജ്ജിച്ചു വരികയാണ്. നിരവധി തൊഴിലവസരങ്ങളാണ് ഈ മേഖലയിൽ വരാനിരിക്കുന്നത്. ഐ.ടി. മേഖലയിൽ ക്ലൗഡ് സേവനങ്ങൾ, അനലിറ്റിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഇന്റർനെറ്റ് ഒഫ് തിംഗ്സ് എന്നിവ വിപുലപ്പെട്ടു വരുമ്പോൾ കൃഷിയും ഐ.ടിയും ചേർന്നുള്ള അഗ്രി അനലിറ്റിക്സ് മികച്ച തൊഴിൽ മേഖലയാണ്. കാലാവസ്ഥാ മാറ്റം, വിപണിയിലെ മാന്ദ്യം, ഉത്പാദനക്ഷമതയിലുണ്ടാകുന്ന ഏറ്റക്കുറച്ചിൽ, വിപണന സാദ്ധ്യത, വർദ്ധിച്ച ആവശ്യകത എന്നിവയ്ക്കനുസരിച്ച് കൃഷിരീതികൾ ക്രമീകരിക്കാനും, പ്രകൃതിദുരന്തങ്ങൾ മുൻകൂട്ടി മനസിലാക്കിയുള്ള കാർഷിക ഉത്പാദന, പ്രവചനരീതികൾ ആവിഷ്കരിക്കാനും അഗ്രി അനലിറ്റിക്സ് സഹായിക്കും.



മൈക്രോസോഫ്ട് ഹൈദരബാദിലെ ICRISAT യുമായി ചേർന്ന് അഗ്രി അനലിറ്റികസ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രമുഖ ഐ.ടി. കമ്പനിയായ ടെക് മഹീന്ദ്ര ഇതിനകം അഗ്രി അനലിറ്റിക്സിനായി 1000 വിദഗ്ദ്ധരെ റിക്രൂട്ട് ചെയ്യാനുള്ള നടപടികളാരംഭിച്ചു.

കാർഷിക, വെറ്ററിനറി, ഫിഷറീസ്, ഫുഡ് ടെക്നോളജി, ബിരുദധാരികൾക്ക് അനലിറ്റിക്സിൽ ബിരുദാനന്തര പ്രോഗ്രാമുകൾ പൂർത്തിയാക്കി അഗ്രി അനലിറ്റിക്സ് തൊഴിൽ മേഖലയിൽ പ്രവർത്തിക്കാം.

കോഴ്സുകൾ നടത്തുന്ന നിരവധി സ്ഥാപനങ്ങൾ രാജ്യത്തിനകത്തും വിദേശത്തുമുണ്ട്. മാത്തമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ സയൻസ് ബിരുദധാരികൾക്കും ഈ രംഗത്ത് പ്രവർത്തിക്കാം. അനലിറ്റിക്സ്, ബിഗ് ഡേറ്റ അനലിറ്റിക്സ്, ബിസിനസ് അനലിറ്റിക്സ് എന്നിവയിൽ ബിരുദാനന്തര ഡിപ്ലോമ പ്രോഗ്രാമുകളും, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുമുണ്ട്.

## അവസരങ്ങൾ ഇവിടെ

മണിപ്പാൾ യൂണിവേഴ്സിറ്റി, കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി, കൊല്ലം ജില്ലയിലെ ചവറയിലാരംഭിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ, ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഡിജിറ്റൽ ടെക്നോളജീസ്, വി.ഐ.ടി. യൂണിവേഴ്സിറ്റി, ഐ.ഐ.ടി. ഖൊരഖ്പൂർ, ഐ.ഐ.എം. അഹമ്മദാബാദ്, ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, കൊൽക്കൊത്ത

യു.കെ, ആസ്ട്രേലിയ, സിംഗപ്പൂർ, ജർമ്മനി, ഫ്രാൻസ്, നെതർലാന്റ്സ്, അമേരിക്ക എന്നീ രാജ്യങ്ങളിലും അഗ്രി അനലിറ്റിക്സ്, ഹെൽത്ത് അനലിറ്റിക്സ് കോഴ്സുകളുണ്ട്.

കൂടുതൽ വിവരങ്ങൾക്ക്
www.manipal.edu
www.ridt.du.in
www.nielit.gov.in
www.toefl.org
www.ielts.org
www.icrisat.org